**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 187** **05-12-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം താലൂക്ക് ആശുപത്രിയിൽ കിഫ്ബി വഴി എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | പ്രസവാനന്തര വാർഡ്, ഒഫ്ത്താൽമോളജി ഒ.റ്റി വാർഡ്, വാർഡുകൾ എന്നിവയുടെ വികസനമാണ് കോതമംഗലം താലൂക്ക് ആശുപത്രിയിൽ കിഫ്ബി വഴി നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത വികസന പ്രവർത്തനങ്ങൾ എത്ര തുക ചെലവഴിച്ചാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയ്ക്കായി (സിവിൽ ഇൻഫ്രാസ്ട്രക്ചർ & മെഡിക്കൽ ഉപകരണങ്ങൾ) ആകെ 11.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വികസന പ്രവൃത്തികളുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുടെ ധനാനുമതിയ്ക്കായി പ്രോപ്പോസൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഡി) | ധനാനുമതി ലഭിക്കുന്ന മുറക്ക് ടെണ്ടർ നടപടികൾ ഉൾപ്പെടെയുള്ളവ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ